പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 462

27.02.2018 - ൽ മറുപടിക്ക്.

## നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. പി. വി. അൻവർ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 1,00,49,050/- രൂപ സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടായി നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 50 സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള വായ്പയ്ക്ക് വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്ത് അയച്ചിട്ടുണ്ട്. ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് പ്രകാരം 586.70 ലക്ഷം രൂപയുടെ വായ്പ വിവിധ ബാങ്കുകളിൽ നിന്നായി സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) 2017-18 വർഷത്തിൽ വ്യവസായ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ, ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ? | (ബി) : 2017-18 വർഷത്തിൽ വ്യവസായ വകുപ്പ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ 4 കോളേജുകളിൽ യുവ സംരംഭകത്വ ശിൽപ്പശാല / ബോധവത്കരണ പരിപാടിയും നിലമ്പൂർ താലൂക്ക് തല നിക്ഷേപക സംഗമവും നടത്തി. ഫാഷൻ ഡിസൈനിൽ 25 സംരംഭകർക്കുള്ള ടെക്നോളജി മാനേജ്മെന്റ് & ഡവലപ്പ്മെന്റ് പരിപാടി നടന്നു വരുന്നു. ഐ.പി.ആർ. ബോധവത്കരണ പരിപാടി ഈ മാർച്ചിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി, സംരംഭകത്വ സഹായ പദ്ധതി, നിക്ഷേപ സബ്സിഡി, നാനോ ഹൗസ് ഹോൾഡ് സംരംഭകർക്കുള്ള പലിശയിളവ് സബ്സിഡി, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനമായി സംരംഭകന്റെ ഇ.എസ്.ഐ / പി.എഫ്. വിഹിതം നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.

ജക/23/02